# അഴിമതിക്കെതിരെ പ്രതിജ്ഞയും ഉപവാസവും

അടൂർ: സമൂഹത്തിന്റെ എല്ലാ തലങ്ങളിലും മഹാമാരി പോലെ പടർന്നു പിടിച്ചിരിക്കുന്ന അഴിമതിക്കും കൈക്കൂലിക്കുമെതിരെ യുവാക്കളുടെ യുദ്ധകാഹളം. വിവിധ രംഗങ്ങളിലെ അഴിമതിക്കും കൈക്കൂലിക്കുമെതിരെ ശക്തമായി പോരാട്ടുമെന്ന് അടൂരിലെ ജനതതി ഓഗസ്റ്റ് 14-ന് പ്രതിജ്ഞയെടുത്തു. സോഷ്യൽ റിഫോംസ് മൂവ്മെന്റ് ആണ് ഇതിനുള്ള വേദിയൊരുക്കിയത്. അടൂർ സെൻട്രൽ മൈതാനിയിൽ സോഷ്യൽ റിഫോംസ് മൂവ്മെന്റ് പ്രസിഡന്റ് അഡ്വ. പി. സി. വർഗീസ് മുതലാളിയുടെ അദ്ധ്യക്ഷതയിൽ കൂടിയ സമ്മേളനത്തിൽ വച്ച് സുപ്രീംകോടതി റിട്ട. ചീഫ് ജസ്റ്റീസ് വി. ആർ കൃഷ്ണയ്യർ സംഘടന ഔപചാരികമായി ഉദ്ഘാടനം ചെയ്തു.

തുടർന്ന് 2 മണിവരെ നടന്ന കൂട്ട ഉപവാസം ഓർത്തഡോക്സ് യുവജന സമാജം പ്രസിഡന്റ് ഗീവർഗീസ് മാർ ഒസ്താത്തിയോസ് മെത്രാപ്പോലീത്താ ഉദ്ഘാടനം ചെയ്തു.

അടൂരിലെ എല്ലാ ഓഫീസുകളുടെയും, കോളേജിന്റെയും സാമൂഹ്യസാംസ്കാരിക സംഘടനകളുടെയും പൂർണ്ണ സഹകരണം പരിപാടികൾക്ക് ലഭിച്ചു. അടൂർ സബ്കലക്ടർ ടെൻസിംഗും മററു പ്രമുഖ വ്യക്തികളും ചടങ്ങുകളിൽ പങ്കെടുത്തു സംസാരിക്കുകയുണ്ടായി.

## ഏകദിന സമ്മേളനം

തുമ്പമൺ: തുമ്പമൺ ഭദ്രാസന മർത്തമറിയം സമാജം, ബാലികാ സമാജം ഭാരവാഹികളുടെ ഒരു ഏകദിന സമ്മേളനം നരിയാപുരം സെന്റ് ഇമ്മാനുവേൽ പള്ളിയിൽ ഓഗസ്റ്റ് 12-ന് നടന്നു.

മാർ ബർന്നബാസ് മെത്രാപ്പോലീത്ത അദ്ധ്യക്ഷത വഹിച്ചു. സമ്മേളനത്തിൽ ഫീലിപ്പോസ് മാർ യൗസേബിയോസ് എപ്പിസ്കോപ്പാ സംസാരിച്ചു.

## വാർഷിക സമ്മേളനം

തിരുവല്ല: സെന്റ് തോമസ് ഓർത്തഡോക്സ് സെഹിയോൻ ചാപ്പലിലെ ആത്മീയ പ്രസ്ഥാനങ്ങളുടെ വാർഷിക യോഗം ഓഗസ്റ്റ് 13-ന് ഫാ. എം. സ്. ഉമ്മന്റെ അദ്ധ്യക്ഷതയിൽ ചേർന്നു. യോഗത്തിൽ ഫാ. കുര്യൻ ദാനിയേൽ, ഫാ. എസ്. ഐസക്ക്, മർത്തമറിയം ഭദ്രാസന സെക്രട്ടറി എലിസബത്ത് ജോർജ്ജ് എന്നിവർ പ്രസംഗിച്ചു. പ്രൊഫ: സി. എ. ചാക്കോ സ്വാഗതവും സൺഡേസ്കൂൾ ഹെഡ്മാസ്റ്റർ ടി. ഇ. ജേക്കബ് നന്ദിയും പറഞ്ഞു

## ശെമ്മാശുപട്ടം സ്വീകരിച്ചു

കുമ്പഴ: വെട്ടൂർ കമ്പുക്കാട്ട് കെ. ജി സ്കറിയായുടെ പുത്രനും, ഓർത്തഡോക്സ് സെമിനാരി വിദ്യാർത്ഥിയുമായ ജോൺസ് കമ്പുക്കാട്ടിനു്, ദാനിയേൽ മാർ പീലക്സിനോസ് മെത്രാപ്പോലീത്തായുടെ സാന്നിദ്ധ്യത്തിൽ കണ്ടനാട് ഭദ്രാസനത്തിന്റെ ജോസഫ് മാർ പക്കോമിയോസ് മെത്രാപ്പോലീത്താ സെപ്റ്റംബർ 2-ന് കുമ്പഴ സെന്റ് മേരീസ് ഓർത്തഡോക്സ് വലിയ കത്തീഡ്രലിൽ വച്ച് ശെമ്മാശുപട്ടം നൽകി.

## ഹെറാൾഡ് ചെറുകഥാ മത്സരം-89

മലങ്കരഓർത്തഡോക്സ് ഹെറാൾഡ് നടത്തുന്ന ചെറുകഥാമത്സരത്തിലേയ്ക്ക് യുവസാഹിത്യ കാരന്മാരുടെ കലാസൃഷ്ടികൾ ക്ഷണിക്കുന്നു. ചെറുകഥകൾ ഹെറാൾഡ് പ്രസിദ്ധീകരണത്തിനു് യോജിച്ചവയായിരിക്കണം.

ഒന്നാം സമ്മാനം 201 രൂപ, രണ്ടാം സമ്മാനം 101 രൂപ മററുസ്ഥാനങ്ങൾ ലഭിക്കുന്ന ചെറുകഥകൾ ഹെറാൾഡിൽ പ്രസിദ്ധീകരിക്കും.

## കൊല്ലം ഭദ്രാസന യുവജനവാരാഘോഷം

കൊല്ലം; ഭദ്രാസന യുവജന വാരാഘോഷം സെപ്റ്റംബർ 10 മുതൽ 17 വരെ തീയതികളിൽ നടത്തും. പരിപാടികളുടെ ഉദ്ഘാടനം സെപ്റ്റംബർ 10-ന് രാവിലെ കായംകുളം കാദീശ്ശാപള്ളിയിൽ വച്ചും, സമാപന സമ്മേളനം സെപ്റ്റംബർ 17-ന് പുത്തൂർ സെന്റ് ജോർജ്ജ് വലിയ പള്ളിയിൽ വച്ചും നടത്തും.

ഭദ്രാസന മെത്രാപ്പോലീത്താമാരുടെ ജന്മദിനാഘോഷങ്ങളുടെ ഭാഗമായി സാധുക്കൾക്ക് നിർമ്മിച്ചു നൽകുന്ന 135 വീടുകളിൽ 5 വീടുകൾ ഭദ്രാസന യുവജന പ്രസ്ഥാനത്തിന്റേതായിരിക്കും.

സെപ്റ്റംബർ 21-ന് ചെങ്ങമനാട് ബേത്ലഹേം ആശ്രമത്തിൽ വച്ചു നടത്തുന്ന ഏകദിന ധ്യാനത്തിൽ ഓരോ ഗ്രൂപ്പിൽനിന്നും 10 അംഗങ്ങൾ എങ്കിലും പങ്കെടുക്കണമെന്നും എല്ലാ ഇടവകക്കളിലും യൂണിററ് രൂപീകരിച്ച് സെക്രട്ടറിയുടെ പേരു് സെപ്റ്റംബർ 30-ന് മുമ്പ് ഭദ്രാസന സെക്രട്ടറിയെ അറിയിക്കണമെന്നും കമ്മററി നിർദ്ദേശിച്ചു.

## ഹൈസ്കൂൾ വിഭാഗം വാർഷിക കോൺഫറൻസ്

കോട്ടയം: ക്രൈസ്തവ വിദ്യാർത്ഥി പ്രസ്ഥാനം ഹൈസ്കൂൾ വിഭാഗ വാർഷിക കോൺഫറൻസ് സെപ്തംബർ 9 മുതൽ 11 വരെ തീയതികളിൽ പരുമല സെമിനാരിയിൽനടക്കും. 15 രൂപയാണ് രജിസ്ട്രേഷൻ ഫീസ്, ഇൻറർ സ്കൂൾ ഡിബേററിൽ പങ്കെടുക്കാനാഗ്രഹിക്കുന്ന ടീമുകൾ സെപ്തംബർ 5-ന് മുമ്പ് പേരുകൾ നൽകണം.

## ക്വിസ് മത്സരം നടത്തി

കാരക്കാട്: മാർ ഗ്രിഗോറിയോസ് ഓർത്തഡോക്സ് യുവജന പ്രസ്ഥാനത്തിന്റെ ആഭിമുഖ്യത്തിൽ എം. ഡി. ജോൺ മെമ്മോറിയൽ എവർറോളിംഗ് ട്രോഫിക്ക് വേണ്ടിയും, കാഞ്ഞിരം നില്ക്കുന്നതിൽ എവർറോളിംഗ് ഷീൽഡിനുവേണ്ടിയും 1989 ജൂലൈ 23-ാം തീയതി കാരക്കാട് എം. ജി. ഒ. ചാപ്പലിൽ വെച്ച് നടന്ന ഒന്നാമത് ഭദ്രാസനതല ക്വിസ് മത്സരത്തിൽ തോട്ടപ്പുഴ എം. ജി. എം. യുവജനപ്രസ്ഥാനം ഒന്നാം സ്ഥാനവും ഉള്ളന്നൂർ സെൻറ് മേരീസ് യുവജന പ്രസ്ഥാനം രണ്ടാം സ്ഥാനവും കരസ്ഥമാക്കി.

ഉച്ചക്കു് രണ്ടു് മണിക്ക് ഇടവക വികാരി തോമസ് കല്ലിനാൽ കോർ എപ്പിസ്കോപ്പായുടെ മഹനീയ അദ്ധ്യക്ഷതയിൽ കൂടിയ ഉദ്ഘാടന സമ്മേളനത്തിൽ പന്തളം ഡിസ്ട്രിക്റ്റ് യുവജനപ്രസ്ഥാനം പ്രസിഡന്റ് ഫാ. തോമസ് കൊച്ചാപറമ്പിൽ മത്സരം ഉദ്ഘാടനം ചെയ്തു. ചെങ്ങന്നൂർ ഭദ്രാസന യുവജനപ്രസ്ഥാനം സെക്രട്ടറി പ്രൊ പി. ജെ. മാത്യു, പന്തളം ഡിസ്ട്രിക്റ്റ് സെക്രട്ടറി അഡ്വ. കെ. വി. രാജു എന്നിവർ പ്രസംഗിച്ചു. തുടർന്നു് ക്വിസ് മത്സരം നടന്നു.

ക്വിസ് മത്സരത്തിനു ശേഷം ചെങ്ങന്നൂർ ഭദ്രാസന യുവജനപ്രസ്ഥാനം വൈസ് പ്രസിഡന്റ് ഫാ. പി. വി. ജോസഫിന്റെ അദ്ധ്യക്ഷതയിൽ കൂടിയ സമാപന സമ്മേളനത്തിൽ ഇടവക വികാരി വിജയികൾക്കു് ട്രോഫിയും, ഷീൽഡും വിതരണം ചെയ്തു. ക്വിസ് മാസ്ററായിരുന്ന സി. എം. തോമസ് പ്രസംഗിച്ചു. ജോർജ് ദാനിയേൽ സ്വാഗതവും പി. ജി. ദാനിയേൽ കൃതജ്ഞതയും പറഞ്ഞു.

## നിർദ്ധനർക്കായി സ്നേഹനിധി

ചങ്ങനാശ്ശേരി: നിർധനരായവർക്ക് ജാതിമത ഭേദമെന്യേ സാമ്പത്തികസഹായം ലഭ്യമാക്കുവാൻ 'ജോർജ് വള്ളക്കാലിൽ സ്നേഹനിധി' എന്ന പേരിൽ ഒരു നിക്ഷേപ സഹായനിധി രൂപീകരിച്ചു.

അർഹരായവർക്ക് വീടുവയ്ക്കുന്നതിനും, പെൺകുട്ടികളുടെ വിവാഹച്ചെലവുകൾക്കും നിധിയിൽനിന്നും സഹായം ലഭിക്കും. പഠനത്തിൽ മിടുക്കരായ, നിർദ്ധനരുടെ കുട്ടികൾക്ക് സ്കോളർഷിപ്പ് നൽകുമെന്നും, വൈദ്യസഹായം ആവശ്യമായ പാവപ്പെട്ടവർക്ക് ധനസഹായം ലഭ്യമാക്കുമെന്നും പദ്ധതിയുടെ ഭരണസമിതിയുടെ അറിയിപ്പിൽ പറയുന്നു.

## യൂണിററ് മീററിംഗ് നടന്നു

വാകത്താനം: യുവജന സമാജം വാകത്താനം യൂണിററ് മീററിംഗ് ജൂലൈ 26-ന് നാലുന്നാക്കൽ മാർ ഗ്രീഗോറിയോസ് ഓർത്തഡോക്സ് പള്ളിയിൽ വെച്ച് നടന്നു. ബർസൗമ റമ്പാച്ചന്റെ അദ്ധ്യക്ഷതയിൽ കൂടിയ യോഗത്തിൽ റവ. ഡോ. ജേക്കബ് കുര്യൻ, ജേക്കബ് കുര്യൻ ഓണാട്ട്, രാജൻ ജോർജ് പണിക്കർ, എം. എസ്. കോര എന്നിവർ പ്രസംഗിച്ചു.

യൂണിററ് ഓർഗനൈസറായി കെ. സി. ജേക്കബ്കുട്ടി കൊച്ചുവീടിനെ തെരഞ്ഞെടുത്തു.

കുറുങ്ങാട്ടു് ചിട്ടിഫണ്ടു്
(മെറിലാൻറ് ബിൽഡിംഗ്സ്)
പത്തനംതിട്ട
പ്രതിമാസ ലേലച്ചിട്ടി ഉടനെ
ആരംഭിക്കുന്നു
തലയാളന്മാർ
K. P. ജോർജ്ജ് K. G. തോമസ്
NB. തലവരിയോല ചിട്ടി ആഫീസിൽനിന്നും ലഭിക്കുന്നതാണ്.



